**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1488** **03-02-2026 - ൽ മറുപടിയ്ക്ക്**

**സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പുനർനിയമന വ്യവസ്ഥയിൽ സർക്കാർ അനുമതിയില്ലാതെ സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടറായി ഡോ. ജിനേഷ് കുമാറിനെ 58 വയസ്സ് വരെ നിയമിച്ച സ്കോൾ-കേരള വൈസ് ചെയർമാന്റെ നടപടിക്ക് സർക്കാർ അംഗീകാരം അല്ലെങ്കിൽ സാധൂകരണം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | **ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | സെലക്ട് കമ്മിറ്റി നിശ്ചയിച്ച വിരമിക്കൽ പ്രായമായ 58 വയസ്സ് പൂർത്തിയായി 2026 ഫെബ്രുവരിയിൽ വിരമിക്കുന്ന ഡോ. ജിനേഷ് കുമാറിന് ചട്ടപ്രകാരമുള്ള കാലാവധിക്കുശേഷം സേവനകാലം ദീർഘിപ്പിച്ചു നൽകുന്ന കാര്യം പരിഗണയിലുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | ഇക്കാര്യങ്ങൾ പരിശോധിച്ചു വരുന്നു, |
| (സി) | ഡോ. ജിനേഷ് കുമാർ വിരമിക്കുന്ന ഒഴിവിൽ സെലക്ട് കമ്മിറ്റി തയ്യാറാക്കിയ പാനലിലെ രണ്ടാമനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ഇക്കാര്യങ്ങൾ പരിശോധിച്ചു വരുന്നു, |
| (ഡി) | സ്കോൾ-കേരള ചട്ടപ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലെ രണ്ടാമന് നിയമനം നൽകാത്ത പക്ഷം പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറെ ചട്ടപ്രകാരം തെരഞ്ഞെടുത്ത് നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇക്കാര്യങ്ങൾ പരിശോധിച്ചു വരുന്നു, |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഡോ.ജിനേഷ് കുമാർ എം.എം (തണൽ, പെരിയാട്ട്, പിലാത്തറ, കണ്ണൂർ) - നെ സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടറായി സർക്കാർ അനുമതിയില്ലാതെ പുനർ നിയമന വ്യവസ്ഥയിൽ നിയമിച്ച സ്കോൾ കേരള വൈസ് ചെയർമാന്റെ നടപടിക്രമത്തിനു സാധൂകരണം നൽകിയും ടിയാന്റെ സേവന - വേതന വ്യവസ്ഥകൾ നിശ്ചയിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (പി) വകുപ്പ്

സ.ഉ.(കൈ) നം.189/2025/GEDN തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-
1. 19/10/2016 ലെ സ.ഉ (പി) നം 159/2016/ധന
2. 25/11/2024 ലെ സ.ഉ(സാധാ)നം.8685/2024/പൊ.വി.വ
3. സ്കോൾ - കേരള വൈസ് ചെയർമാന്റെ 25/02/2025 ലെ 168/2025/സ്കോൾ-കേരള നമ്പർ നടപടിക്രമം
4. സ്കോൾ - കേരള വൈസ് ചെയർമാന്റെ 19/03/2025 ലെ എ1/4077/2024/സ്കോൾ-കേരള നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്കോൾ-കേരളയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായി പരാമർശം (2) ഉത്തരവ് പ്രകാരം രൂപീകരിച്ച സെലക്ട് കമ്മിറ്റി അഭിമുഖം നടത്തി , സെലക്ട് കമ്മിറ്റി ലിസ്റ്റിൽ നിന്നും ഡോ.ജിനേഷ് കുമാർ എം.എം (തണൽ, പെരിയാട്ട്, പിലാത്തറ, കണ്ണൂർ) നെ സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടറായി സർക്കാർ അനുമതിയില്ലാതെ പുനർ നിയമന വ്യവസ്ഥയിൽ നിയമിച്ച സ്കോൾ കേരള വൈസ് ചെയർമാന്റെ പരാമർശം (3) പ്രകാരമുള്ള നടപടിക്രമത്തിനു സാധൂകരണം നൽകുന്നതിനും ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ച വ്യക്തിയായതിനാൽ ആയത് പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടറുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു സ്കോൾ കേരള വൈസ് ചെയർമാൻ പരാമർശം (4) പ്രകാരം കത്ത് നൽകിയിരുന്നു.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിൽ കുഞ്ഞിമംഗലം ജി.എച്ച്.എസ്.എസ് - ൽ നിന്നും എച്ച്.എസ്.എസ്.ടി (സീനിയർ) ആയി 31/03/2024 - ൽ വിരമിച്ച ഡോ.ജിനേഷ് കുമാർ എം.എം (തണൽ, പെരിയാട്ട്, പിലാത്തറ, കണ്ണൂർ) - നെ സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിൽ സർക്കാർ അനുമതിയില്ലാതെ പുനർ നിയമന വ്യവസ്ഥയിൽ നിയമിച്ച സ്കോൾ കേരള വൈസ് ചെയർമാന്റെ പരാമർശം (3) പ്രകാരമുള്ള നടപടിക്രമത്തിനു സാധൂകരണം നൽകിയും

ടിയാന്റെ സേവന - വേതന വ്യവസ്ഥകൾ ചുവടെ പറയും പ്രകാരം നിശ്ചയിച്ചും ഉത്തരവാകുന്നു.

1.ഡോ.ജിനേഷ് കുമാർ എം.എം - ന്റെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം (പരാമർശം (1) ഉത്തരവ് അനുസൃതമായി പരിഷ്കരിച്ചത്) പുനർ നിർണ്ണയിയിക്കേണ്ടതാണ്.

2.പരാമർശം (1) ഉത്തരവ് പ്രകാരം നിലവിലുള്ള ശമ്പള സ്കെയിൽ ബാധകമാകുന്ന തസ്തികയിൽ നിന്നും വിരമിച്ചവരുടെ പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കണം. പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത്.

a) വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ HRA, CCA അനുവദിക്കാവുന്നതാണ്.

b) മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

c) പെൻഷനു ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

d) വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ Stagnation ഇൻക്രിമെന്റിനു അർഹതയുണ്ടായിരിക്കുന്നതില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

വൈസ് ചെയർമാൻ, സ്കോൾ കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള, തിരുവനന്തപുരം
ഡോ.ജിനേഷ് കുമാർ എം.എം, തണൽ, പെരിയാട്ട്, പിലാത്തറ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (06/05/2025 ലെ 3100491/ഇ.ഡി.എൻ-ബി2/43/2025-ഫിൻ കുറിപ്പ് പ്രകാരം)
വിജിലൻസ് വകുപ്പ് (25/06/2025 - വിജിലൻസ് - സി1/179/2025-വിജി നമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ ...)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(പി3/50/2025-പൊ.വി.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ